**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - മറ്റു പിന്നാക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി (2019-20) - വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================================

**പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്**

സ.ഉ.(സാധാ) നം.44/2020/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 03.07.2020.

================================================================================

പരാമർശം: 1. സ.ഉ.(സാധാ) നം. 11/2014/പി.സ.വി.വ, തീയതി 24.01.2014.
2. സ.ഉ.(സാധാ) നം. 49/2019/പി.വി.വി.വ, തീയതി 30.05.2019.
3. പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 14.02.2020 -ലെ BCDIR-294/2019-A1 നമ്പർ കത്ത്.
4. 23.03.2020 -ന് ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ചേമ്പറിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗ നടപടി കുറിപ്പ്.

**<u>ഉത്തരവ്</u>**

മെഡിസിൻ, അഗ്രികൾച്ചറൽ സയൻസ്, പ്യൂവർ സയൻസ്, മാനേജ്മെന്റ്, എഞ്ചിനീയറിംഗ്, നിയമം, സോഷ്യൽ സയൻസ് എന്നീ കോഴ്സുകളിൽ പോസ്റ്റ് ഗ്രാജ്വേറ്റ് തലത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന പിന്നോക്ക വിഭാഗങ്ങളിലെ വാർഷിക കുടുംബ വരുമാനം 6 ലക്ഷം രൂപ അധികരിക്കാത്ത വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത വിദേശ സർവ്വകലാശാലകളിൽ സർക്കാർ ധനസഹായത്തോടെ പഠനം നടത്തുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് <u>മറ്റ് പിന്നോക്ക വിഭാഗക്കാർക്കുള്ള വിദേശ സ്കോളർഷിപ്പ് (Overseas Scholarship to OBC Students in rated Foreign Universities).</u> പരാമർശം (1) പ്രകാരം ഈ പദ്ധതി സംബന്ധിച്ച വിശദമായ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. 2019-20 -ലെ വാർഷിക പദ്ധതിയിൽ, ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ടി പദ്ധതിയുടെ നടത്തിപ്പിനായി 120 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. 2013-14 മുതൽ ടി പദ്ധതി നടപ്പിലാക്കിയപ്പോൾ അപേക്ഷകർക്ക് പ്രവേശനം നേടാവുന്ന യൂണിവേഴ്സിറ്റികളുടെ എണ്ണം ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റിയുടെ റാങ്കിംഗ് പ്രകാരം 200 യൂണിവേഴ്സിറ്റികളെ ഉൾപ്പെടുത്തിയാണ് പരാമർശം (1) -ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്. മതിയായ നീതീകരണം ലഭ്യമാക്കിയാൽ ഉന്നത നിലവാരത്തിലുള്ള മറ്റ് യൂണിവേഴ്സിറ്റികളെയും ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിക്കുന്നുണ്ട്.

4. പരാമർശം 3 -ലെ കത്തിനോടൊപ്പം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ഒ.ബി.സി. വിദ്യാർത്ഥികൾക്കായുള്ള വിദേശ പഠന സ്കോളർഷിപ്പിനുള്ള അപേക്ഷകളിന്മേൽ 23.03.2020 -ന് രാവിലെ 10.00 മണിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സെലക്ഷൻ കമ്മിറ്റി യോഗത്തിൽ ഈ പദ്ധതി പ്രകാരം വർഷത്തേയ്ക്ക് ആകെ 146 അപേക്ഷകളാണ് ലഭിച്ചതെന്നും സൂക്ഷ്മപരിശോധനയിൽ നിശ്ചിത തീയതിക്ക് ശേഷം അപേക്ഷ സമർപ്പിച്ച 7 അപേക്ഷകൾ സഹിതം പദ്ധതി മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള 73 അപേക്ഷ

കർക്ക് സ്കോളർഷിപ്പിന് അർഹതയുള്ളതായും 73 അപേക്ഷകരെ പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതിനാൽ നിരസിച്ചിട്ടുള്ളതിനാലും അർഹരായ 73 അപേക്ഷകരിൽ ടൈംസ് ഹയർ എഡ്യൂക്കേഷൻ റാങ്കിംഗ് പ്രകാരം 1 മുതൽ 200 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയ 23 പേരും 201 മുതൽ 600 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റിയിൽ പ്രവേശനം നേടിയ 50 പേരും ഉൾപ്പെട്ടിട്ടുള്ളതായും വകുപ്പ് ഡയറക്ടർ അറിയിച്ചു.

5. ഗുണഭോക്തൃ നിർണയം സംബന്ധിച്ച വിഷയത്തിൽ യോഗം വിശദമായ ചർച്ച നടത്തുകയും വിജ്ഞാപന പ്രകാരമുള്ള നിശ്ചിത തീയതിക്കുശേഷം ലഭ്യമാക്കിയിട്ടുള്ള 7 അപേക്ഷകൾ നിരസിക്കുന്നതിനും, ഇതിനകം ഒരു ബിരുദാനന്തര ബിരുദം കരസ്ഥമാക്കുകയും തുടർന്ന് വിദേശത്ത് മറ്റൊരു ബിരുദാനന്തര ബിരുദ പഠനത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ അപേക്ഷകരെ ഒഴിവാക്കുന്നതിനും തീരുമാനിച്ചു.

6. ഈ വർഷം പദ്ധതി പ്രകാരം സ്കോളർഷിപ്പിന് അർഹരായവരുടെ എണ്ണം അനുവദനീയമായ പരിധി കവിഞ്ഞിട്ടുള്ളതിനാൽ പദ്ധതിയുടെ അടിസ്ഥാന മാനദണ്ഡങ്ങൾക്ക് വിധേയമായി കുറഞ്ഞ വരുമാനക്കാർക്ക് മുൻഗണന നൽകുന്നതിനും അർഹരായ അപേക്ഷകരുടെ ബാഹുല്യവും ഫണ്ടിന്റെ അപര്യാപ്തതയും കണക്കിലെടുത്ത് നടപ്പ് വർഷത്തെ ഗുണഭോക്താക്കളുടെ എണ്ണം ആകെ 21 ആയി പരിമിതപ്പെടുത്തുന്നതിനും നിശ്ചയിച്ചു.

7. 2017-18 -ൽ അപേക്ഷ സമർപ്പിച്ച ശ്രീ. സയ്യിദ് മുഹമ്മദ് സഹീബ് ഐദീദ് പി.എം. എന്ന വിദ്യാർത്ഥിയെ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുകയും, എന്നാൽ അറിയിപ്പ് ലഭ്യമായില്ല എന്ന കാരണത്താൽ കരാർ ഒപ്പിടാതിരിക്കുകയും, തുടർന്ന് നടപ്പുവർഷം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നത് കമ്മിറ്റി വിശദമായി ചർച്ച ചെയ്യുകയും ഇതിനകം ടിയാളുടെ കോഴ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാലും തന്റെ അപേക്ഷയിന്മേലുള്ള തുടർ നടപടികൾ സംബന്ധിച്ച യാതൊരുവിധ അന്വേഷണങ്ങളും നടത്താതിരുന്നതിനാലും ടിയാന്റെ അപേക്ഷ പരിഗണിക്കേണ്ടതില്ല എന്ന് നിർദ്ദേശിക്കുകയും ചെയ്തു.

8. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന 21 വിദ്യാർത്ഥികൾക്ക് (ടൈംസ് ഹയർ എഡ്യൂക്കേഷൻ ലോക റാങ്കിംഗ് പ്രകാരം 1 മുതൽ 200 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 9 പേരെയും 201 മുതൽ 600 വരെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 12 പേരെയും) 2019-20 വർഷത്തേക്കുള്ള ഓവർസീസ് സ്കോളർഷിപ്പ് പദ്ധതിയുടെ ഗുണഭോക്താക്കളായി നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്ക് വിധേയമായി തെരഞ്ഞെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേരും അഡ്രസ്സും | കോഴ്സ് | പ്രവേശനം ലഭിച്ച / ലഭിക്കുന്ന യൂണിവേഴ്സിറ്റിയുടെ പേര് |
|---|---|---|---|
| 1 | MAJUN AMBETHKER SANTHI<br>T.C. No.20/2188,<br>TELUNGU CHETTY STREET,<br>KARAMANA P. O,<br>THIRUVANANTHAPUAM – 695 002. | POST GRADUATE DIPLOMA IN HEALTH SCIENCES (PHARMACEUTICAL SCIENCE) | UNIVERSITY OF AUCKLAND, NEWZEALAND |
| 2 | BADRUDHEEN CHALAKKAL PUTHIYAPURAYIL (C P)<br>DARUSSABAH,<br>PURATHEEL VARAM P. O,<br>KANNUR – 670 594 | MODERN INDIAN STUDIES (FOCUS IN DEVELOPMENT ECONOMICS) | UNIVERSITY OF GOTTINGEN, GERMANY |

(…..3)

| | | | |
|---|---|---|---|
| 3 | PRAMISHA C P<br>CHATHAMKULAM HOUSE,<br>145/05, VENGANELLUR,<br>CHELAKKARA,<br>THRISSUR – 680 586 | MSc ADVANCED<br>COMPUTER SCIENCE | ABERYSTWYTH UNIVERSITY<br>UNITED KINGDOM |
| 4 | SAJIL N A<br>NEISSERY (H),<br>KALAMKILAM<br>VADAKKENCHERRY P. O,<br>PALAKKAD DIST – 678 683 | MASTERS DEGREE<br>IN PHYSICS | SAPIENZA UNIVERSITY<br>OF ROME, ITALY |
| 5 | SUMESH SURESHKUMAR<br>SARASWATHY BHAVAN,<br>T.C. 44/407(2), VALIYATHURA,<br>VALLAKADAVU P. O,<br>THIRUVANANTHAPURAM – 695 008 | MSc THEORETICAL<br>PHYSICS | UNIVVERSITY OF<br>GLASGOW |
| 6 | PRANAV P J<br>T.C. 39/1321,<br>SREE PADMAM,<br>ATTAKULANGARA, CHALA P. O,<br>THIRUVANANTHAPURAM – 695 036 | MSc MECHANICAL<br>ENGINEERING AND<br>MANAGEMENT | UNIVVERSITY OF<br>GLASGOW |
| 7 | JYOTHIN MOHAN<br>VADAKKUNNATHUMALIL HOUSE,<br>PUNNAYAM<br>ASAMANNOR P. O,<br>ERNAKULAM – 683 549 | MSc MECHANICAL<br>ENGINEERING AND<br>MANAGEMENT | HAMBURG UNIVERSITY<br>OF TECHNOLOGY,<br>GERMANY |
| 8 | ABDULLA IBNU YOONUS M<br>“MABROOK”,<br>M S BABURAJ ROAD,<br>KALLAI P. O,<br>KOZHIKODE – 673 003 | MASTER OF<br>BUSINESS<br>ADMINISTRATION (MBA) | ANGLIA RUSKIN<br>UNIVERSITY |
| 9 | MUHAMMAD KOYA AMJATH O K<br>OMPATHU KANDATHIL (H)<br>CHERUMOOLAVAYAL,<br>MUTTIL P. O,<br>KALPETTA, WAYANAD – 673 122 | MASTER IN LAW<br>(LLM) | UNIVERSITY OF YORK<br>UNITED KINGDOM |
| 10 | ARMNOLD ANTONY<br>EVER GREEN HOUSE,<br>T.C. 32/329(3),<br>KOCHUVELI, TITANIUM P. O,<br>THIRUVANANTHAPURAM | MSc FINANCE | UNIVERSITY OF<br>LEICESTER |
| 11 | NEHA NOWSHATH<br>MEDAYIL VEEDU,<br>THEKKEKULAM LANE,<br>BALARAMAPURAM P. O,<br>THIRUVANANTHAPURAM – 695 501 | MASTER OF<br>REGIONAL PLANNING | CORNELL UNIVERSITY,<br>UNITED STATES<br>OF AMERICA |
| 12 | SWATHIKA K S<br>KARIMPANAKKAL HOUSE,<br>SWATHIKA BHAVAN,<br>KANIPPAYYUR P. O,<br>KANIPPAYYUR, THRISSUR | MSc COMPUTATIONAL<br>MECHANICS | UNIVERSITY OF<br>DUISBURG ESSEN,<br>GERMANY |

(…..4)

| | | | |
|---|---|---|---|
| 13 | ASLAM S MUHAMMED<br>SAFIYA MANZIL,<br>CHERAVALLY,<br>KAYAMKULAM P. O,<br>ALAPPUZHA DIST – 690 502 | MSc IN COMPUTING (SECURITY AND FORENSIC COMPUTING) | DUBLIN CITY UNIVERSITY, (DCU), IRELAND |
| 14 | AKSHAY RAMDAS<br>V. RAMDAS, 13/177,<br>MANKAVU (EDAYAR STREET),<br>PALAKKAD – 678 001 | MSc MOTOR SPORT ENGINEERING | OXFORD BROOKES UNIVERSITY, OXFORD |
| 15 | MUHAMMAD T K<br>THAZHE KOROTH (H),<br>CHEMMARATHUR P.O,<br>VATHAKARA,<br>KOZHIKODE – 673 104 | MASTER OF BUSINESS ADMINISTRATION (MBA) | UNIVERSITY OF THE WEST OF SCOTLAND (UWS), UNITED KINGDOM |
| 16 | SWATHI S KUMAR<br>EDAYILEVEEDU, ALAPPADU,<br>CHERIAZHEEKAL P.O,<br>KARUNAGAPALLY,<br>KOLLAM – 690 573 | MSc IN RENEWABLE ENERGY | LOUGHBOROUGH UNIVERSITY, UNITED KINGDOM |
| 17 | SHAMAL CHODAVALAPPIL KAIPRATH<br>SHAMAL COTTAGE<br>PEDAYANGODE,<br>IRIKKUR P.O,,<br>KANNUR – 670 593 | MASTERS OF ENGINEERING (PROFESSIONAL) | DEAKIN UNIVERSITY, AUSTRALIA |
| 18 | PRATHIBA K B<br>D/o BHASI K C,<br>KODAPPULLY (H),<br>ALAPAD P. O, PURATHUR – 680 641 | MSc ENVIRONMENTAL PHYSICS | UNIVERSITY OF BREMEN, GERMANY |
| 19 | AKHIL P P<br>PATHYALA (H),<br>ELAVALLY SOUTH P.O,<br>THRISSUR – 680 511 | MASTER OF SCIENCE TECHNICAL LOGISTICS | UNIVERSITY OF DUISBURG ESSEN, GERMANY |
| 20 | KADEEJA MANNNETHODI<br>ERIYAKKALAM (H)<br>PADINHATTUMURI P.O,,<br>KOTTILANGADI VIA<br>MALAPPURAM – 676 506 | MASTERS OF AGRICULTURE SCIENCE | MASSERY UNIVERSITY, NEW ZEALAND |
| 21 | SUDHI M DEVAN<br>SARAVANA NILAYAM,<br>MITCHAL JUNCTION,<br>MAVELIKKARA,<br>ALAPPUZHA – 690 101 | Phd MATERIAL SCIENCE AND ENGINNERING | CITY UNIVERSITY OF HONG KONG, HONG KONG |

9. മുകളിൽ പറഞ്ഞിട്ടുള്ള വിദ്യാർത്ഥികളിൽ 1 മുതൽ 200 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 9 വിദ്യാർത്ഥികൾക്ക് കോഴ്സിന് ചെലവാകുന്ന മുഴുവൻ തുകയോ അല്ലെങ്കിൽ 10 ലക്ഷം രൂപയോ ഇതിൽ ഏതാണോ കുറവ് ആയത് അനുവദിക്കുന്നതാണ്. 201 മുതൽ 600 വരെ റാങ്കിംഗ് ഉള്ള യൂണിവേഴ്സിറ്റികളിൽ പ്രവേശനം നേടിയ 12 വിദ്യാർത്ഥികൾക്ക് മൊത്തം ചെലവിന്റെ 50 ശതമാനം അഥവാ പരമാവധി 10 ലക്ഷം രൂപ അധികരിക്കാൻ പാടില്ലാത്തതാണ് എന്ന വ്യവസ്ഥയിൽ സ്കോളർഷിപ്പ് അനുവദിക്കുന്നതാണ്.

(…..5)

10. തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതും ഇതിനുവേണ്ടി വരുന്ന ചെലവ് 2225-03-277-91(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതുമാണ്.

11. ഓരോ സാമ്പത്തിക വർഷവും അപേക്ഷ ക്ഷണിക്കുന്നതിന് മുൻപ് യൂണിവേഴ്സിറ്റികളുടെ റാങ്കിംഗ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ.**
**അഡീഷണൽ സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, വെള്ളയമ്പലം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
ഉന്നത വിദ്യാഭ്യാസ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി